(1)	(2)	(3)
കോഴിക്കോട്	16	16
വയനാട്	53	53
കണ്ണൂർ	19	20
കാസർഗോഡ്	58	88
ആകെ	384	444

(ബി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും, സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കൊണ്ടും പാർശ്വവൽക്കരിക്കപ്പെട്ട അപ്രാപ്യമായ വനമേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് സാധാരണ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതുവരെ ബദൽ സ്കൂൾ സംവിധാനം തുടരേണ്ടത് ആവശ്യമാണെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷം വരെ സാവകാശം നൽകുന്നുണ്ട്. ബദൽ സ്കൂളുകളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എസ്.എസ്.എ.-യുടെ ഫണ്ട് വിനിയോഗപ്പെടുത്തി ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-11 അദ്ധ്യയന വർഷാവസാനം വരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അത്തരത്തിലൊരു സാഹചര്യം വരുന്നപക്ഷം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ അംഗീകാരം നൽകിയ അൺഎയ്ഡഡ് സ്കൂളുകൾ

43(732) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആകെ എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2-12-2010-ലെ സർക്കാർ ഉത്തരവ് (പി) 249/10/പൊ.വി. പ്രകാരം കാസർഗോഡ് ജില്ലയിലെ ഒരു അൺഎയ്ഡഡ് സ്കൂളിന് അംഗീകാരം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധീനതയിൽ പ്രവർത്തിക്കുന്ന പുതിഗെ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മുഹിമത്ത് ഹൈസ്കൂളിലെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി സുനാമി ഫണ്ടിൽ നിന്നും അനുവദിച്ച തുക

44(733) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി സുനാമി ഫണ്ടിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചിരുന്നത് ; ഏതൊക്കെ സ്കൂളുകൾക്ക് എത്ര രൂപയാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്കൂളുകളിൽ പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി ഏതൊക്കെ സ്കൂളുകളിൽ എത്ര രൂപാ വീതം ചെലവഴിക്കാനുണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,70,20,000 രൂപ (ഒരു കോടി എഴുപത് ലക്ഷത്തി ഇരുപതിനായിരം രൂപ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* :

(ബി) 6 സ്കൂളുകളിൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇനി ചെലവഴിക്കാനുള്ള തുകയും സ്കൂളുകളും.

1.	ജി.എച്ച്.എസ്.പരവൂർ	247000
2.	ജി.യു.പി. എസ്. പരവൂർ	941585
3.	ജി.എൽ.പി.എസ്. കോട്ടപ്പുറം	454106
4.	കൂനയിൽ ജി.എൽ.പി.എസ്.	521560
5.	കുറുമണ്ടൽ യു.പി.എസ്.	908000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly